Page 1 of 2

(ബി) സബ്സ്റ്റേഷൻ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ?

സർക്കാർ അനുമതിയും റവന്യൂവകുപ്പ് മുഖാന്തരമുള്ള ഭൂമി എറ്റെടുക്കലും പൂർത്തിയാകുന്ന മുറയ്ക്ക് 2022 ഏപ്രിൽ മാസത്തിനോടകം ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി ബോർഡിലെ സൂപ്പർന്യൂമററി തസ്തികകൾ

292 (677) ശ്രീ എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രതീക്ഷിത ഒഴിവുകളെക്കാൾ കൂടുതൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകാമെന്ന് ബഹു. ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഉചിതതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും കെ.പി.എസ്.സി. അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ബഹു. ഹൈക്കോടതിയുടെ ഉത്തരവുകളിന്മേൽ തുടർനടപടി സ്വീകരിക്കുവാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

293 (678) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അനുവദനീയമായ എണ്ണവും നിലവിൽ ടി തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും വെളിപ്പെടുത്തുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 402 ആണെങ്കിലും ടി തസ്തികയിൽ നിലവിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം 419 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർ അത്യന്തം അപകടം നിറഞ്ഞ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. അതിനാൽത്തന്നെ നിരവധി ജീവനക്കാർക്ക് ജോലിക്കിടെ വൈദ്യുത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങളിൽപ്പെട്ടും അല്ലാതെയും മരണപ്പെടുന്ന ഫീൽഡ്, ഇതരവിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക്, പ്രത്യേകിച്ച് അവരുടെ വിധവകൾക്ക്, ആശ്രിത നിയമനം നൽകേണ്ടിവരുമ്പോൾ സാധാരണയായി ഭൂരിപക്ഷം പേർക്കും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലെ ആശ്രിത നിയമന വ്യവസ്ഥപ്രകാരം ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ തുടങ്ങിയ തസ്തികകളിലാണ് പരിഗണിക്കുന്നത്. ആയതിനാലാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ അധികരിച്ചു നിൽക്കുന്നത്.

(ഡി) ആശ്രിതനിയമനത്തിനായി പ്രസ്തുത തസ്തികയിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ആശ്രിതനിയമനത്തിനായി നിലവിൽ 79 അപേക്ഷകൾ പരിഗണനയിലുണ്ട്.

(ഇ) ശ്രീമതി മഞ്ചിത എൻ.എസ്. (നമ്പോത പറമ്പിൽ ഹൗസ്, കാതികൂടം പി.ഒ., കൊരട്ടി, തൃശ്ശൂർ)-ന്റെ ആശ്രിതനിയമനത്തിനായുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

ശ്രീമതി മഞ്ചിത എൻ.എസ്. (നമ്പോത പറമ്പിൽ ഹൗസ്, കാതികൂടം പി.ഒ., കൊരട്ടി, തൃശ്ശൂർ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷ സൂക്ഷ്മപരിശോധനകൾ പൂർത്തിയാക്കി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള നിയമന ഉത്തരവിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. എന്നാൽ നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണത്തിലും കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നതിനാൽ ടിയാൾക്ക് ടി തസ്തികയിൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല.